**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** | **28-02-2023 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | **കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2, 3, 5, 6 റീച്ചുകളിൽ നടപ്പിലാക്കേണ്ട ബാക്കി പ്രവൃത്തികൾക്കാവശ്യമായ 34.90 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ പരിശോധിച്ച് വരുന്നു.** |
| (ബി) | ആയത് പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി, വിവിധ റീച്ചുകളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഒറ്റ പ്രവൃത്തിയായി ചെയ്യുന്നതിന് നിലവിലെ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ 29.04.2020 തീയതിയിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | മുളക്കുളം പഞ്ചായത്തിലൂടെയുള്ള പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ബാലൻസ് പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (34.90 കോടി രൂപ), കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2,5 റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച് സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റ് എന്നിവ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ട്, അഞ്ച് റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ? | (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ബാലൻസ് പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (34.90 കോടി രൂപ), കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2,5 റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച് സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റ് എന്നിവ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ